## CHAPTER: 4

### വിശ്വാസത്താലുള്ള നീതീകരണം : വിശദീകരണം

Gal 4:1-2 മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ജീവിക്കുന്ന ഒരു വ്യക്തിയുടെ ശരിയായ അനുഭവം എന്തെന്ന് വിവരിക്കാൻ ഒരു ഉദാഹരണം ഈ വാക്യത്തിൽ കാണാം

ഒരു മകന്റെ ഉദാഹരണം: Infant, young child. ഒരു മൈനർ കുട്ടി. പിതാവിനുള്ള സകല എസ്റ്റേറ്റിനും അവകാശിയാണ് ജനനം മൂലം. എന്നാൽ ഈ കുട്ടി പ്രായപൂർത്തിയാകുന്നതുവരെ പലരുടെയും നിയന്ത്രണത്തിലാണ്.

നല്ല ശിക്ഷണം കൊടുക്കാൻ ഒരു slave ഉണ്ട്. എസ്റ്റേറ്റ് നോക്കി നടത്താൻ വേറൊരാളുണ്ട്. വീട് നിയന്ത്രിക്കുവാൻ വേറെ ജോലിക്കാരും അവരുടെ ചുമതലയുള്ള ആളുമുണ്ട്.

ഈ വക കാര്യങ്ങളിലൊന്നും തന്നെ യാതൊരു സ്വാതന്ത്രവും ഈ കുട്ടി വളർന്ന് അധികാരമേൽക്കും വരെ ഈ കുട്ടിക്കില്ല. He is under guardians & Trusteets. ശിശുപാലകനുണ്ട് ശിക്ഷണം കൊടുക്കുവാൻ. Trustee ഉണ്ട് എസ്റ്റേറ്റ് നോക്കി നടത്തുവാൻ.

യഹൂദാ സമൂഹത്തിലും, ഗ്രീക്കു സമൂഹത്തിലും, റോമൻ സമൂഹത്തിലും പ്രായപൂർത്തിയായി എന്ന് കണക്കാക്കുന്ന വയസ്സിന് വ്യത്യാസമുണ്ടായിരുന്നു.

റോമൻ സമൂഹത്തിൽ ഏത് വയസ്സിൽ എസ്റ്റേറ്റ് മകനെ ഏല്പിക്കണമെന്ന് പിതാവിന് നേരത്തെ തന്നെ തീരുമാനിച്ചുറപ്പിക്കാമായിരുന്നു. അതുമാത്രമല്ല അത് വളരെ ആഘോഷപൂർവ്വം കൊണ്ടാടിയും ഇരുന്നു. ഇതിനായി പ്രത്യേകം വേഷം വരെ നിലവിൽ ഉണ്ടായിരുന്നു.

Gal. 4:3 വി.പൗലൂസ് ഇതേ ദൃഷ്ടാന്തം ഒരു വിശ്വാസിയുടെ പഴയ സ്ഥിതിയും വിശ്വാസത്തിൽ വന്നതിനു ശേഷമുള്ള സ്ഥിതിയും കാണിക്കാനായി ഉപയോഗിച്ചിരിക്കുന്നു. ഗലാത്യവിശ്വാസികൾ കൂടുതലും ജാതികളിൽ നിന്ന് കർത്താവിങ്കലേക്ക് വന്നവരാണ്. കർത്താവിങ്കലേക്ക് വരുംമുമ്പ് അവർക്ക് അവരുടേതായ വിശ്വാസം ഉണ്ടായിരുന്നു. ലോകത്തിന്റെ ആദ്യപാഠങ്ങൾ എന്ന് പൗലൂസ് അതിനെ വിശേഷിപ്പിക്കുന്നു.

യഹൂദൻ ന്യായപ്രമാണത്തിൻ കീഴിൽ എന്ന പോലെ ജാതിക്കാരൻ ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു കീഴിൽ - രണ്ടു കൂട്ടരും സ്വതന്ത്രരല്ല. രണ്ടും ഒരു വിധത്തിൽ ബന്ധനത്തിൽ കീഴിൽ.

ഇതാ ഈ രംഗത്തേക്ക് കടന്നു വരുന്നു നമ്മുടെ കർത്താവ് വിടുതലിൻ സന്ദേശവും കൊണ്ട്.

Be free in Jesus Christ

Col 2:20 (R) *നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ.*

Gal. 4:4-5 ഒരു പിതാവ് തന്റെ മകൻ എപ്പോൾ സ്വതന്ത്രനാകണം, എപ്പോൾ അധികാരി ആകണം എന്ന് തീരുമാനിക്കുന്നു. അതുപോലെ ഇതാ സ്വർഗ്ഗത്തിലെ ദൈവം തീരുമാനിച്ചു മാനവ സമൂഹത്തെ പ്രത്യാശയും സ്വാതന്ത്ര്യവും കൊടുത്ത് വിടുവിക്കുവാനുള്ള സമയം.

God chose the appropriate time.

ന്യായപ്രമാണത്തിൻ കീഴിലെ ബന്ധനത്തിൽ നിന്ന് ആത്മീകമായി പുത്രത്വത്തിലേക്ക്

കർത്താവ് ലോകത്തിൽ അവതരിക്കുവാൻ തിരഞ്ഞെടുത്ത സമയത്തിന്റെ പ്രത്യേകത എന്ത്?

റോമൻ ഭരണം അന്നത്തെ പരിഷ്കൃത ലോകം മുഴുവനും രാഷ്ട്രീയമായി സമാധാനം കൊണ്ടുവന്നു. യുദ്ധങ്ങൾ ഒക്കെ നിർത്തി. റോമൻ ഇരുമ്പു ഭരണത്തിൻ കീഴിൽ

fleettech@gmail.com

സകലതും അനുസരിച്ച് മിണ്ടാതെ നിന്നു. റോഡുകൾ ധാരാളം നിർമ്മിച്ചു. യാത്ര വളരെയധികം സുഗമമായി.സുവിശേഷം ഘോഷിക്കാൻ യാത്ര ചെയ്യാനുള്ള വഴികൾ ഒക്കെ റെഡി.

റോമാക്കാർക്കു മുമ്പ് ഈ മെഡിറ്ററേനിയൻ ഭൂപ്രദേശത്തെ ഭരിച്ച ഗ്രീക്കുകാർ ഗ്രീക്കുഭാഷ നന്നായി പ്രചരിപ്പിച്ചു. എവിടെയും ഗ്രീക്കുഭാഷ അറിയുന്നവർ ധാരാളം. ഗ്രീക്കു സംസ്കാരവും ഭാഷയും മാസിഡോണിയ മുതൽ Indus River വരെ ജനത്തെ സ്വാധീനിച്ചു കീഴടക്കിയ രംഗം.

യഹൂദൻ ഏകദൈവത്തെ ആരാധിച്ച് തങ്ങളുടെ വാഗ്ദത്ത മശിഹായ്ക്കുവേണ്ടി കാത്തുകാത്തിരുന്ന രംഗം. മെഡിറ്ററേനിയൻ രാജ്യങ്ങളിലെല്ലാം യഹൂദന്റെ സിനഗോഗുകൾ സ്ഥാപിച്ചിരുന്ന കാലം. കാലസമ്പൂർണ്ണത വന്നപ്പോൾ, കാലത്തിക വിങ്കൽ ദൈവം തന്റെ ഏക ജാതനായ പുത്രനെ ലോകത്തിന്റെ വീണ്ടെടുപ്പിനായി ലോകത്തിലേക്കയച്ചു.

എങ്ങനെ അയച്ചു - സ്ത്രീയിൽ നിന്ന് ജനിച്ചവനായി, മനുഷ്യവേഷം ധരിച്ചവനായി ദൈവപുത്രൻ വന്നു. മാത്രമല്ല യഹൂദാ കുടുംബത്തിലാണയച്ചത്. എന്തുകൊണ്ട്?

തന്റെ പുത്രൻ ന്യായപ്രാണത്തിലുള്ളവരെയും വിടുവിക്കേണ്ടതിന് ന്യായപ്രമാണത്തിൻ കീഴിൽ അത്രെ തന്റെ പുത്രനെ അയച്ചത്.

ദൈവം കൊടുത്ത ന്യായപ്രമാണം പൂർണ്ണമായും പാലിപ്പാൻ മനുഷ്യൻ അബലനായി നിൽക്കുമ്പോൾ ന്യായപ്രമാണം പാലിക്കാൻ തന്റെ പുത്രന് കഴിഞ്ഞു.

Mat. 5:17 *ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു.*

ന്യായപ്രമാണം നിവർത്തിച്ചു. അതിലുള്ള സകല ശാപവും മനുഷ്യന്റെ മേൽ ന്യായപ്രമാണം ഉരുവിട്ട സകല ശിക്ഷയും പുത്രൻ തന്റെ ശിരസ്സിൽ ഏറ്റെടുത്തു. Jesus paid its curse [Gal 3:13]

Gal 4:5 ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നും ജനിച്ചവനായി അയച്ചത് എന്തിനായിരുന്നു. രണ്ട് കാര്യങ്ങൾ നിറവേറ്റുവാൻ

(1) ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിടുവിക്കുവാൻ. ന്യായപ്രമാണത്തിന്റെ അടിമത്വത്തിൽ നിന്നും വിലയ്ക്കു വാങ്ങുവാൻ. ക്രിസ്തു ന്യായപ്രമാണത്തിന്റെ അടിമത്വത്തിൽ നിന്നും യഹൂദാജാതിയെ വിലയ്ക്കു വാങ്ങി വിടുവിച്ചു എങ്കിൽ പിന്നെ ജാതിയിൽ നിന്നും കർത്താവിങ്കലേക്ക് വന്നവരെ വീണ്ടും ന്യായപ്രമാണത്തിലേക്ക് വലിച്ചു കൊണ്ടുപോകാനായി ശ്രമിക്കുന്നത് എന്തിന്?

(2) കർത്താവായ യേശുക്രിസ്തുവിന്റെ അവതാരവും ക്രൂശുമരണവും വിശ്വസിക്കുന്ന ഏവരെയും ദൈവത്തിന്റെ പുത്രന്മാരാക്കുന്നു. (Adoptions as sons)

ചുരുക്കി പറഞ്ഞാൽ പുത്രത്വം പ്രാപിച്ച്, പക്വത വന്ന നാം ക്രിസ്തുയേശുവിലൂടെ ദൈവകുടുംബത്തിന്റെ അംഗങ്ങളായി, സകല നന്മകളും നമുക്കുള്ളത്.

Gal 4:6 ദൈവം തന്റെ പുത്രന്റെ രക്തത്താൽ വീണ്ടെടുത്ത സകല വിശ്വാസികൾക്കും തൃത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിനെ നൽകി. വിശ്വസിക്കുന്ന ഏവർക്കും ഇത് വാഗ്ദത്തത്താൽ നൽകിയിരിക്കുന്നു.

ആത്മാവിനെ ഹൃദയത്തിൽ നാം സ്വീകരിച്ചപ്പോൾ നമുക്ക് പിതാവിനെ "അബ്ബാ പിതാവേ" എന്ന് വിളിക്കാൻ വഴി തുറന്നു. Abba എന്നുള്ളത് Aramic ഭാഷയിൽ കുട്ടികൾ പിതാവിനെ വിളിക്കുന്ന പേരാണ്. It represents our intimacy with father God. God has became our father.

അക്ഷരത്തിൽ മാത്രമല്ല, നിയമപരമായി മാത്രമല്ല, സത്യമായും അങ്ങനെ യായിത്തീർന്നു.

Rom 8:15 (R) *നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചതു.*

fleettech@gmail.com

| | |
|---|---|
| Gal 4:7 | വി.പൗലൂസ് ഒരു കാര്യം കൂടി ഗലാത്യ വിശ്വാസികളെ മനസ്സിലാക്കുന്നു. നിങ്ങൾ ഇനി ദാസരല്ല, അടിമകളല്ല, ജാതിക്കാരൻ അല്ല. ദൈവത്തിന് നീ മകൻ. വെറും മകനല്ല. മകന്റെ സകല അവകാശത്തോടും കൂടിയ മകൻ തന്നെ. സാക്ഷാൽ അവകാശി തന്നെ. |
| Rom 8:17 (R) | *നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ.* |

## PAUL'S CONCERN FOR GALATIANS

Gal 4:8,9 — ഗലാത്യ വിശ്വാസികൾ ഏത് അവസ്ഥയിൽ നിന്നുമാണ് വന്നത്. ദൈവം എന്ന് കരുതി വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു അവരുടെ പഴയ സ്ഥിതിയിൽ.

എന്നാൽ അവർ ജീവനുള്ള ദൈവത്തിങ്കലേക്ക് വന്നവരാണ്. ദൈവത്തെ അബ്ബാ പിതാവേ എന്ന് വിളിക്കാനുള്ള ആത്മാർത്ഥബന്ധം ഉള്ളവർ.

അവർ ദൈവത്തെ അറിഞ്ഞു. അതുപോലെ തന്നെ ദൈവവും അവരെ അറിഞ്ഞു.

എത്ര ഉത്തമമായ പദവിയാണ് ദൈവത്തിൽനിന്നും അകന്നു വസിച്ച ഗലാത്യർ നേടിയത്.

വിശ്വാസത്താൽ നേടിയത് ഇതാ വെറും ആചരണങ്ങളിലൂടെ, rituals ലൂടെ നേടിയെടുക്കാനായി തെരയുന്ന കാഴ്ച. ബലഹീനമായ ആദ്യ അവസ്ഥയിലേക്ക് തിരിച്ചു പോകുന്നത് എന്ത്? ദരിദ്രമായ ആത്മീകാവസ്ഥയിലേക്ക് എന്തിന് മടങ്ങി പോകണം. മുതിർന്ന കുട്ടിയായി സകല അവകാശവും സ്വന്തമാക്കിയതിനു ശേഷം വീണ്ടും ശിശുപാലകന്റെ കീഴിൽ, Trustee യുടെ കീഴിൽ അഭയം കണ്ടെത്താൻ വെമ്പുന്ന കാഴ്ച - സാക്ഷാൽ അടിമത്വം അല്ലാതെ എന്ത്.

Gal 4:10 — യിസ്രായേൽ ആചരിക്കുന്ന വിശേഷ ദിവസങ്ങൾ പലതും ഗലാത്യർ ആചരിക്കാൻ തുടങ്ങിയെന്നു തോന്നുന്നു. പൂർണ്ണമായി രക്ഷ കരസ്ഥമാക്കുവാൻ ഈ ആചരണങ്ങളിലൂടെ യഹൂദൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ന്യായപ്രമാണ ആചരണങ്ങളിലൂടെ പൂർണ്ണ രക്ഷയും വിടുതലും പ്രാപിക്കാൻ തെല്ലും സാധ്യത ഇല്ലായിരുന്നു എന്നുള്ളതാണ് വാസ്തവം. നീതീകരിപ്പാൻ ന്യായപ്രമാണാചരണം അശക്തമായിരുന്നു.

യഹൂദൻ ആചരിച്ചിരുന്ന വിശേഷ ദിവസങ്ങൾ : ശബത്ത്, New moons, അമാവാസി, പെസ്സഹാ പെരുന്നാൾ, ആദ്യഫല കറ്റയുടെ പെരുന്നാൾ, ശബത്ത് വർഷം, മഹാപാപ പരിഹാര ദിവസം, ഇങ്ങനെ പോകുന്നു ആ list.

Gal 4:11 — വി.പൗലൂസിലൂടെ നൽകപ്പെട്ട ലളിതമായ സുവിശേഷം, അതായത് വിശ്വാസത്താൽ ദൈവം സകല മനുഷ്യനെയും നീതീകരിക്കാൻ ആഗ്രഹിക്കുന്നു എന്നത് ഗലാത്യർ പാടെ മറന്നിരിക്കുന്നു.

ഇന്ന് അവർ ദിവസങ്ങളും, ആണ്ടുകളും, മാസങ്ങളും, പെരുന്നാളുകളുമൊക്കെ ആചരിച്ച് അതിലൂടെ "നീതീകരണം" നേടുവാൻ നോക്കുന്നു

തന്റെ വേല നിഷ്ഫലമായോ എന്ന് വി.പൗലൂസ് ഭയപ്പെടുന്നു.

Gal 4:12 — വി.പൗലൂസ് ഗലാത്യരെ ഓർപ്പിക്കുകയാണ് - നിങ്ങളും എന്നെപ്പോലെ ആകണം. യഹൂദാ പാരമ്പര്യങ്ങളിലും ആചരണങ്ങളിലും ആശ്രയിച്ച് മുന്നോട്ടു ജീവിച്ച തർസോസിലെ ശൗൽ ഇതാ "കൃപ"യുടെ സുവിശേഷകനായി.

ഒരു മനുഷ്യനും ന്യായപ്രമാണം 100 ശതമാനം പാലിച്ച് രക്ഷനേടുവാൻ കഴിയില്ല. നമ്മുടെ കുറവുകളെ കാണാൻ മാത്രമേ ന്യായപ്രമാണം ഉതകുകയുള്ളു. നാം ഓരോരുത്തരും ദൈവസന്നിധിയിൽ കുറ്റക്കാരായി നിൽക്കുന്ന കാഴ്ച ന്യായപ്രമാണത്തിലൂടെ നമുക്ക് കാണാൻ കഴിയും.

Gal 4:22 — വി.പൗലൂസ് ദൃഷ്ടാന്തമായി കാണിക്കുന്നു രണ്ടു വ്യക്തികളെ. Issac & Ismail.

സാറയുടെ മകനും ഹാഗാറിന്റെ മകനും.

fleettech@gmail.com

യഹൂദന്മാർ അഭിമാനിച്ചിരുന്നു തങ്ങൾ അബ്രഹാമിന്റെ മക്കളാണെന്ന്.

Gal 4:23 യിസ്മായേലിന്റെ ജനനം ലോകപ്രകാരം. A natural birth like any other human being.

യിസ്ഹാക്കിന്റെ ജനനം വാഗ്ദത്ത പ്രകാരം. A son of promise.

യിസ്മായേലിന്റെ ജനനത്തിനു ശേഷവും ദൈവം തന്റെ വാഗ്ദത്തം മാറ്റിയില്ല. 14 വർഷം കഴിഞ്ഞപ്പോൾ ഇതാ വാഗ്ദത്ത സന്തതി സാറായിൽ നിന്നും വരുന്നു. Issac was born

Gal 4:24 വി.പൗലൂസ് രണ്ട് ഉടമ്പടികളെ കാണിക്കുന്നു.

1. സീനായ് മലയിൽ ദൈവം മോശയിലൂടെ കൊടുത്ത ഉടമ്പടി. The Law. ന്യായപ്രമാണം. ഈ ഉടമ്പടിയുടെ കീഴിൽ ഉള്ളവർ ന്യായപ്രമാണത്തിന്റെ അടിമകൾ.

സാദൃശ്യം: ഹാഗാറിന്റെ സന്തതി പരമ്പര.

ദാസിയുടെ മക്കൾ അടിമകൾ. ന്യായപ്രമാണത്തിൻ കീഴിലുള്ളവർ ന്യായപ്രമാണ ഉടമ്പടിയുടെ അടിമകൾ.

2. അബ്രഹാമുമായി ദൈവം ഉണ്ടാക്കിയ വാഗ്ദത്ത ഉടമ്പടി. Gracious Covenant.

വിശ്വാസത്താലുള്ള നീതീകരണം. തന്റെ വാഗ്ദത്ത സന്തതിയായ കർത്താവേശു ക്രിസ്തുവിലൂടെ ദൈവം വാഗ്ദത്തം നൽകിയ ഉടമ്പടി.

സാറായിലൂടെ ലഭിക്കുന്ന വാഗ്ദത്ത സന്തതി. Issac is son of Promise.

സ്വതന്ത്രയിലൂടെ ജനിക്കുന്നു സ്വതന്ത്രർ.

Gal 4:25-26 വി.പൗലൂസ് രണ്ട് "യരുശലേം" ദൃഷ്ടാന്തമായി കാണിക്കുന്നു.

ഒന്നാം നൂറ്റാണ്ടിലെ യരുശലേം - റോമൻ ഭരണത്തിൻ കീഴിലുള്ള ജറുശലേം.

ന്യായപ്രമാണ പ്രകാരം ഭരണം നടത്തിക്കൊണ്ടിരിക്കുന്ന യരുശലേം.

slave to Rom & slave to Law.

എന്നാൽ നാം കാത്തിരിക്കുന്ന സ്വർഗ്ഗീയ യരുശലേം - അത് സ്വതന്ത്രയാണ്. അത് വാഗ്ദത്ത യരുശലേം ആണ്. അത് കൃപയാലുള്ള രക്ഷ സ്വന്തമാക്കിത്തീർത്ത എല്ലാ ദൈവമക്കളുടെയും അമ്മ.

ഈ വാഗ്ദത്ത യരുശലേം ഒരു ദിവസം ഭൂമിയിലേക്കിറങ്ങി വരും.

It is the city of Living God .

Heb 12:22 *ആകയാൽ തളർന്ന കയ്യും കുഴഞ്ഞ മുഴങ്കാലും നിവിർത്തുവിൻ.*

Rev 21:2 *പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു.*

Gal 4:27 യിസ്രായേലിന്റെ ഭാഗ്യദിവസം വരുന്നു. ബാബിലോന്യ കാലത്തിനു മുമ്പ് യിസ്രായേൽ ഭർത്താവുള്ള ഒരു സ്ത്രീ ആയിരുന്നു. എന്നാൽ ബാബിലോന്യ അടിമത്വത്തിലുള്ള യിസ്രായേൽ ഏകാകിനി ആയിരുന്നു. എന്നാൽ ആ സ്ഥിതി ദൈവം മാറ്റും എന്ന് യെശയ്യാവ് പ്രവചിച്ചു. (Isa 54:1)

Isa 54:1 *പ്രസവിക്കാത്ത മച്ചിയേ, ഘോഷിക്ക; നോവു കിട്ടീട്ടില്ലാത്തവളേ, പൊട്ടി ആർത്തു ഘോഷിക്ക; ഏകാകിനിയുടെ മക്കൾ ഭർത്താവുള്ളവളുടെ മക്കളെക്കാൾ അധികം എന്നു യഹോവ അരുളിച്ചെയ്യുന്നു.*

ഈ പ്രവചനത്തിൽ യിസ്രായേലിന് വരുവാനുള്ള സഹസ്രാബ്ദ കാലത്തെ ( Millennium blessings) അനുഗ്രഹത്തെപ്പറ്റിയുള്ള ദൂതും അടങ്ങിയിരിക്കുന്നു.

ഈ വാഗ്ദത്തം "സാറാ"യുടെ സന്തതിക്കുള്ളത്. മുമ്പ് മക്കളില്ലാത്തവൾ. എന്നാൽ കോടാനുകോടി മക്കളെ കണ്ട് സന്തോഷിക്കാനവൾ ഒരുങ്ങുന്നു.

fleettech@gmail.com

| | |
|---|---|
| | അതേ വിശ്വാസത്താൽ ജാതികളെയും വാഗ്ദത്തത്തിന്റെ അവകാശത്തിന് യോഗ്യരാക്കി തീർക്കുന്നു. ദൈവകൃപ. സാറായിലൂടെ ദൈവം കൊടുത്ത വാഗ്ദത്തത്തിനു യോഗ്യരായ കോടാനുകോടി സന്തതികൾ. |
| Gal 4:28 | Issac was son of promise. യിസ്ഹാക്ക്. |
| | വാഗ്ദത്ത പ്രകാരം ജനിച്ച മകൻ. ഇതു നമുക്ക് സമം. നാമും വിശ്വാസത്താൽ ദൈവമക്കൾ ആയവർ. |
| John 3:3 | *യേശു അവനോടു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയകയില്ല എന്നു ഉത്തരം പറഞ്ഞു.* |
| John 3:5 | *അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല.* |
| Rom 9:8 | *അതിന്റെ അർത്ഥമോ: ജഡപ്രകാരം ജനിച്ച മക്കൾ അല്ല ദൈവത്തിന്റെ മക്കൾ; വാഗ്ദത്തപ്രകാരം ജനിച്ച മക്കളെയത്രേ സന്തതി എന്നു എണ്ണുന്നു.* |
| Gal 3:29 | *ക്രിസ്തുവിന്നുള്ളവർ എങ്കിലോ നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു.* |
| Gal 3:9 | *അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു.* |
| | നാം അടിമകളെപ്പോലെ ജീവിക്കേണ്ടവർ അല്ല. നാം വാഗ്ദത്തത്താൽ ദൈവമക്കൾ തന്നെ. |
| Gal 4:29 | Ref Gen 21:9 Ps 83:5-6 Acts 13:50, 14:2-5, Thess2:14-16 |
| Gen 21:9 | *മിസ്രയീമ്യദാസി ഹാഗാർ അബ്രാഹാമിന്നു പ്രസവിച്ച മകൻ പരിഹാസി എന്നു സാറാ കണ്ടു അബ്രാഹാമിനോടു:* |
| Ps 83:5-6 | *അവർ ഇങ്ങനെ ഐകമത്യത്തോടെ ആലോചിച്ചു, നിനക്കു വിരോധമായി സഖ്യത ചെയ്യുന്നു. ഏദോമ്യരുടെയും യിശ്മായേല്യരുടെയും കൂടാരങ്ങളും മോവാബ്യരും ഹഗർയ്യരും കൂടെ,* |
| Acts 13:50 | *യെഹൂദന്മാരോ ഭക്തിയുള്ള മാന്യ സ്ത്രീകളെയും പട്ടണത്തിലെ പ്രധാനികളെയും ഇളക്കി പൗലൊസിന്റെയും ബർന്നബാസിന്റെയും നേരെ ഉപദ്രവമുണ്ടാക്കി അവരെ തങ്ങളുടെ അതിരുകളിൽ നിന്നു പുറത്താക്കിക്കളഞ്ഞു.* |
| Acts 14:2-5 | *വിശ്വസിക്കാത്ത യെഹൂദന്മാരോ ജാതികളുടെ മനസ്സു സഹോദരന്മാരുടെ നേരെ ഇളക്കി വഷളാക്കി. എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു, കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിന്നു സാക്ഷിനിന്നു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നല്കി. എന്നാൽ പട്ടണത്തിലെ ജനസമൂഹം ഭിന്നിച്ചു ചിലർ യഹൂദന്മാരുടെ പക്ഷത്തിലും ചിലർ അപ്പൊസ്തലന്മാരുടെ പക്ഷത്തിലും ആയി. അവരെ അവമാനിപ്പാനും കല്ലെറിവാനും ജാതികളും യെഹൂദന്മാരും അവിടത്തെ പ്രമാണികളോടുകൂടി ഒരു ആക്രമം ഭാവിച്ചപ്പോൾ അവർ അതു ഗ്രഹിച്ചു.* |
| 1Thess 2:14-16 | *സഹോദരന്മാരേ, യെഹൂദ്യയിൽ ക്രിസ്തുയേശുവിലുള്ള ദൈവസഭകൾക്കു നിങ്ങൾ അനുകാരികളായിത്തീർന്നു. അവർ യെഹൂദരാൽ അനുഭവിച്ചതു തന്നേ നിങ്ങളും സ്വജാതിക്കാരാൽ അനുഭവിച്ചുവല്ലോ. യെഹൂദർ കർത്താവായ യേശുവിനെയും സ്വന്തപ്രവാചകന്മാരെയും കൊന്നവരും ഞങ്ങളെ ഓടിച്ചുകളഞ്ഞവരും ദൈവത്തെ പ്രസാദിപ്പിക്കാത്തവരും സകലമനുഷ്യർക്കും വിരോധികളും ജാതികൾ രക്ഷിക്കപ്പെടേണ്ടതിന്നായി ഞങ്ങൾ അവരോടു പ്രസംഗിക്കുന്നതു വിലക്കുന്നവരും ആകുന്നു; അങ്ങനെ അവർ തങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിപ്പിക്കുന്നു എന്നാൽ ദൈവക്രോധം അവരുടെമേൽ മുഴുത്തുവന്നിരിക്കുന്നു.* |
| | വിശ്വാസിക്ക് പോരാട്ടം ഉണ്ട്. യിസ്ഹാക്കിനെ ഉപദ്രവിക്കാൻ ദാസിയും മകനും ഉണ്ടായിരുന്നു. ഇന്നും ആ പോരാട്ടം തുടരുന്നു. |

fleettech@gmail.com

വി.പൗലൂസ് Judaizers നെ Ishmail നോട് താരതമ്യപ്പെടുത്തുന്നു. അവർ വിശ്വാസ ത്താൽ ദൈവവാഗ്ദത്തം സ്വന്തമാക്കി വിശ്വാസത്താൽ മക്കളായിത്തീർന്നു. ക്രിസ്തീയ സഭയെ ഉപദ്രവിക്കാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്നു.

വി.പൗലൂസ് വ്യക്തിപരമായിപ്പോലും പോരാട്ടം അനുഭവിച്ചത് ഈ ന്യായപ്രമാണ ത്തിന്റെ ബന്ധനത്തിൽ കഴിഞ്ഞ യഹൂദാ പ്രമാണികളുമായിട്ടായിരുന്നു.

Gal 4:30 അബ്രഹാം ചെയ്തത് ഗലാതൃസഭ ചെയ്യണം. "ദാസിയെയും മകനെയും" പുറത്താ ക്കുക.

Drive out the Judaizers.

ദൈവം സാറായുടെ അപേക്ഷ കേട്ടു.

Gen 21:10,12 *ഈ ദാസിയെയും മകനെയും പുറത്താക്കിക്കളക; ഈ ദാസിയുടെ മകൻ എന്റെ മകൻ യിസ്ഹാക്കിനോടു കൂടെ അവകാശിയാകരുതു എന്നു പറഞ്ഞു. തന്റെ മകൻ നിമിത്തം ഈ കാര്യം അബ്രാഹാമിന്നു അനിഷ്ടമായി. എന്നാൽ ദൈവം അബ്രാഹാമിനോടു: ബാലന്റെ നിമിത്തവും ദാസിയുടെ നിമിത്തവും നിനക്കു അനിഷ്ടം തോന്നരുതു; സാറാ നിന്നോടു പറഞ്ഞതിലൊക്കെയും അവളുടെ വാക്കു കേൾക്ക; യിസ്ഹാക്കിൽ നിന്നുള്ളവരല്ലോ നിന്റെ സാക്ഷാൽ സന്തതിയെന്നു വിളിക്കപ്പെടുന്നതു.*

ന്യായപ്രമാണം പാലിക്കണമെന്ന് പ്രസംഗിച്ചും കൊണ്ട് ഗലാതൃസഭയെ തെറ്റിച്ചു കളയാൻ ശ്രമിക്കുന്നവരെ അബ്രഹാം ചെയ്തതുപോലെ ചെയ്യണം.

ന്യായപ്രമാണവും കൃപയും തമ്മിൽ യോജിച്ചു പോകില്ല.

"പ്രവൃത്തിയാലുള്ള രക്ഷ"എന്നുള്ളത് വിശ്വാസത്താലുള്ള രക്ഷക്ക് എതിരായി നിൽക്കുന്നു.

Gal 4:31 ഉപസംഹാരമായി വി.പൗലൂസ് പ്രഖ്യാപിക്കുന്നു. നാം വാഗ്ദത്ത സന്തതി. ഗലാതൃ സഭ വാഗ്ദത്ത സന്തതി. നാം ദാസിയുടെ മക്കളല്ല. ദാസിയുടെ മക്കൾക്ക് വാഗ്ദത്ത ത്തിൽ അവകാശമില്ല. അവയെ പുറത്താക്കിയപോലെ ഗലാതൃസഭ Judaizers നെ പുറത്ത് തള്ളിക്കളയണം.

നാം വാഗ്ദത്തത്തിൻ സന്തതി. നാം അവകാശികളും ക്രിസ്തുവിനോടും കൂടെ കൂട്ട വകാശികളുമാകുന്നു.

fleettech@gmail.com